## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1286 08/02/2013-ലെ മറുപടിക്ക്

### ദ്രുതകർമ്മ സേനയുടെ രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ.എം.പി. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ദ്രുതകർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) | സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു സേന ആവശ്യമാണെന്ന് ബോധ്യ പ്പെട്ടതിനാൽ പോലീസ് സേനയിലെ 100 അംഗങ്ങൾ ഉൾപ്പെട്ട സംസ്ഥാന ദുരന്ത നിവാരണ സേന (സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ്) രൂപീകരിച്ചിട്ടുണ്ട്. ഈ സേനയിലേക്കുള്ള അംഗങ്ങളെ പോലീസ് സേനയിൽ നിന്നും ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ഇവർക്ക് ദേശീയ ദുരന്ത നിവാരണ സേന (National Disaster Response Force) യുടെ കീഴിൽ വിദഗ്ധ പരിശീലനം നൽകുന്നതുമാണ്. |
| ബി) | സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | പ്രകൃതി ദുരന്തങ്ങൾ അടക്കമുള്ള എല്ലാവിധ ദുരന്തങ്ങളും ഉണ്ടാകുന്ന വേളയിൽ ദുരന്ത മുഖത്ത് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേർന്ന് രക്ഷാ പ്രവർത്തനം അടക്കമുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ഒരു പ്രത്യേക സേനയായി, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ മാതൃകയിൽ, ഒരു സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിക്കുക എന്നുള്ളതായിരുന്നു ഉദ്ദേശ്യലക്ഷ്യം. |

| | | | |
|---|---|---|---|
| സി | സേനയിലെ അംഗങ്ങൾ ആരെല്ലാമാണ് വിശദമാക്കുമോ; | സി) | പോലീസ് സേനയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്ക പ്പെടുന്നവരാണ് സേനയിലെ അംഗങ്ങൾ. |
| ഡി) | എവിടെയെല്ലാമാണ് സേനയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ? | ഡി) | ഓരോ ജില്ലയിലും സേനയിലെ 5 അംഗങ്ങളെ വീതം നിയമിക്കുകയും ബാക്കിയുള്ള 30 അംഗങ്ങളെ 3 മേഖല കളിലായി (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) കേന്ദ്രീ കരിക്കാനുമാണ് തീരുമാന മെടുത്തിട്ടുള്ളത്. ദുരന്ത സമയങ്ങളിൽ ആവശ്യമായ സേനാംഗ ങ്ങളെ മറ്റ് ജില്ലകളിൽ നിന്നും കൂടി വരുത്തി ഉപയോഗിക്കാവുന്ന തരത്തിൽ ക്രമീകരി ക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

3